**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4924** **20-07-2022 - ൽ മറുപടിയ്ക്ക്**

**കരിക്കുലം കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസ്സുകളിലെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നവകേരള നിർമിതിക്കായുള്ള ശ്രമങ്ങളുടെ ഭാഗമായി പുതുതലമുറയെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിഷ്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. പാഠ്യപദ്ധതി ചട്ടക്കൂട് നിർമ്മാണം, പാഠപുസ്തകങ്ങളും അനുബന്ധ സാമഗ്രികളും വികസിപ്പിക്കൽ, അധ്യാപക ശാക്തീകരണം തുടങ്ങിയവ ഉൾപ്പെടുന്ന സമഗ്രമായ പാഠ്യപദ്ധതി പരിഷ്ക്കരണമാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി സ്കൂൾ കരിക്കുലം സ്റ്റിയറിങ്ങ് കമ്മിറ്റി അംഗങ്ങൾ, കരിക്കുലം കോർ കമ്മിറ്റി അംഗങ്ങൾ, വിദ്യാഭ്യാസ വിദഗ്ധർ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള സംസ്ഥാനതല ആശയ രൂപീകരണ ശില്പശാല നടത്തി. 25 ഫോക്കസ് മേഖലകളെ അടിസ്ഥാനമാക്കിയുള്ള ജനകീയ ചർച്ചകൾ ഉടനെ സംഘടിപ്പിക്കും. അതിന്റെ ചർച്ചകളുടെ ഭാഗമായി രൂപീകരിക്കുന്ന കേരള കരിക്കുലം ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിലാകും തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. |
| (ബി) | പ്രസ്തുത ക്ലാസ്സുകളുടെ പാഠ്യപദ്ധതി അവസാനമായി പരിഷ്കരിച്ചത് എന്നാണ്; വിശദമാക്കാമോ; | (ബി) | ദേശീയ തലത്തിൽ 2005 ൽ പ്രസിദ്ധീകരിച്ച ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിനെ അധികരിച്ചാണ് 2007 ൽ കേരളത്തിൽ സമഗ്രമായ പാഠ്യ പദ്ധതി പരിഷ്കരണം നടപ്പിലാക്കിയത്. തുടർന്ന് 2013 ൽ പുതിയ നയരേഖ പ്രസിദ്ധീകരിക്കുകയും പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ അടിസ്ഥാന സമീപനങ്ങളിൽ മാറ്റം വരുത്താതെ ഉള്ളടക്കം മാറ്റുകയാണ് ഉണ്ടായത്. ആയതിനാൽ കഴിഞ്ഞ 15 വർഷക്കാലം അറിവിന്റെ നാനാ മേഖലകളിൽ ഉണ്ടായ വളർച്ചയും വികാസവും ഉൾച്ചേർത്തുകൊണ്ട് കേരളത്തെ ഒരു വിജ്ഞാന സമൂഹമായി പരിവർത്തിപ്പിക്കുന്നതിനുള്ള സമഗ്രമായ പരിഷ്കരണം ആണ് ലക്ഷ്യം വയ്ക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പാഠ്യ പദ്ധതി പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് കരിക്കുലം കമ്മിറ്റി എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | പാഠ്യപദ്ധതി പരിഷ്ക്കരണം സംബന്ധിച്ചുള്ള സമയക്രമത്തിന്റെ ഒരു കരട് രൂപരേഖയ്ക്ക് സ്കൂൾ കരിക്കുലം സ്റ്റിയറിങ്ങ് കമ്മിറ്റിയുടെയും കോർ കമ്മിറ്റിയുടെയും സംയുക്ത യോഗം അംഗീകാരം നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ